# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2878 — 20.03.15 ൽ - മറുപടിക്ക്

## റേഷൻ കടകൾ കമ്പ്യൂട്ടർവൽക്കരിക്കാൻ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഹൈബി ഈഡൻ<br>,, ഐ.സി. ബാലകൃഷ്ണൻ<br>,, വർക്കല കഹാർ<br>,, വി.ഡി. സതീശൻ : | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) റേഷൻ കടകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | റേഷൻകടകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കാൻ തീരുമാനം എടുത്തിട്ടുണ്ട്. റേഷൻകടകളിലെല്ലാം ഇലക്ട്രോണിക് പോയിൻ ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുന്നതിനും റേഷൻ കടകളിൽ നടക്കുന്ന എല്ലാ ഇടപാടുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. റേഷൻകടകളിലെത്തുന്ന ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിന് ആധാർ അല്ലെങ്കിൽ സ്മാർട്ട്കാർഡ്/ബാർകോഡ് പോലുള്ള ബദൽ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പദ്ധതിയുടെ മോഡൽ പൈലറ്റ് തിരുവനന്തപുരം ജില്ലയിലും എറണാകുളം ജില്ലയിലും നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) | പൂർണ്ണതോതിൽ നടപ്പാക്കുമ്പോൾ ഓരോ ഗുണഭോക്താവിനെയും തിരിച്ചറിഞ്ഞ് അർഹമായ വിഹിതം കൃത്യമായി ലഭിക്കുന്നുണ്ട് എന്നുറപ്പ് വരുത്താൻ സാധിക്കും. തിരിമറി പൂർണ്ണമായും തടയാൻ സാധിക്കും. റേഷൻകടകളിൽ ഡോർ ഡെലിവറി മുഖേന റേഷൻ സാധനങ്ങൾ എത്തിക്കും. ഓരോ ഗുണഭോക്താവിനും റേഷൻ സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ തത്സമയം തന്നെ ഉദ്യോഗസ്ഥതലത്തിലും പൊതുജനങ്ങൾക്കും വിവരങ്ങൾ ലഭ്യമാകത്തക്ക വിധം ട്രാൻസ്പാരൻസി പോർട്ടൽ സജ്ജമാക്കും. പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കാനും പരാതിയുടെ തൽസ്ഥിതി നിരീക്ഷിക്കാനും പരാതിക്കാരനും ഉദ്യോഗസ്ഥർക്കും യഥാസമയം സാധിക്കത്തക്ക വിധം ഒരു സുതാര്യമായ പരാതി പരിഹാര സംവിധാനം നിലവിൽ വരും. ഓരോ മേഖലയിലെയും സ്റ്റോക്കിന്റെ സ്ഥിതി, വാഹനങ്ങളുടെ സഞ്ചാരം, തുടങ്ങിയവ പോർട്ടലി- |

ലൂടെ തത്സമയം അറിയുന്നതിനായി ഒരു **Decision Support System (DSS)** നിലവിൽ വരും. ഇപ്രകാരം ഓരോ കണ്ണിയും പരസ്പരം യോജിപ്പിച്ചു കൊണ്ട് സുതാര്യമായ ഒരു പൊതുവിതരണ സംവിധാനം നിലവിൽ വരും.

| | | | |
|---|---|---|---|
| (സി) | പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | പദ്ധതിക്ക് 31.05.2014 ലെ സ.ഉ.(കൈ) നം.18/2014/ഭ.സി.സ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. |
| (ഡി) | പദ്ധതി നടപ്പാക്കുന്നതിന് ഭരണ തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ? | (ഡി) | പദ്ധതി നടപ്പാക്കുന്നതിനു വേണ്ടി കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡ പ്രകാരം വിവിധ തലങ്ങളിലുള്ള കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. |

1) ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അപെക്സ് കമ്മിറ്റി - വിവിധ വിഷയങ്ങൾ പരിഗണിച്ച് സംസ്ഥാന മന്ത്രിസഭയ്ക്ക് മുമ്പാകെ വിഷയങ്ങൾ സമർപ്പിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് മൂന്നു തവണ അപെക്സ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്.

2) ഭക്ഷ്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ **SPeMT** (സ്റ്റേറ്റ് പ്രോജക്ട് ഇ-മിഷൻ ടീം) - ഈ കമ്മിറ്റിയിൽ ധനകാര്യവകുപ്പ്, ഐ.ടി. വകുപ്പ്, ഐ.ടി. മിഷൻ, **SeMT**, എൻ.ഐ.സി. തുടങ്ങിയവയുടെ പ്രതിനിധികൾ അംഗങ്ങളാണ്. വിവിധ വിഷയങ്ങളിൽ അപെക്സ് കമ്മിറ്റിക്കു ശുപാർശ നൽകുന്നത് **SPeMT**.യാണ്.

3) സിവിൽ സപ്ലൈസ് കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ ടെക്നിക്കൽ കമ്മിറ്റി. വിവിധ സാങ്കേതിക വിഷയങ്ങളിലുള്ള ശുപാർശകൾ ടെക്നിക്കൽ കമ്മിറ്റി ചർച്ച ചെയ്ത് **SPeMT** യ്ക്ക് സമർപ്പിക്കുന്നു. ഇതു കൂടാതെ പ്രോഗ്രാം ഇംപ്ലിമെന്റിംഗ് യൂണിറ്റ് (**PIU**) സ്ഥാപിച്ചിട്ടുണ്ട്. പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് (**PMC**)യെ നിയമിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു. ഒരു ഡാറ്റാബേസ് അഡ്മിനിസ്ട്രേറ്ററെ നിയമിച്ചിട്ടുണ്ട്. സിസ്റ്റം അഡ്മിനിസ്ട്രേറ്ററെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വേൾഡ് ഫുഡ് പ്രോഗ്രാം (**WFP**) ന്റെയും സാങ്കേതിക സഹായം പ്രോജക്ടിനു ലഭിക്കുന്നുണ്ട്.

*സെക്ഷൻ ഓഫീസർ*